(എഫ്) ഈ മേഖലയിൽ രാത്രിയിലും പകലും പട്രോളിംഗ് ശക്തമാക്കി. ഇതുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ റെയ്ഡു നടത്തി തൊണ്ടിത്തടികളും ഇതു കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. രണ്ട് മില്ലുകൾ അടപ്പിച്ചിട്ടുണ്ട്.

## ഗുരുവായൂർ ക്ഷേത്രത്തിലെ ആനകളുടെ വിവരം

**78 (2791)** ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ ഇപ്പോൾ എത്ര ആനകളുണ്ട് ;

(ബി) ഇവയുടെ സംരക്ഷണകേന്ദ്രം ഇപ്പോൾ എവിടെയാണ് ;

(സി) ഇത്രയും ആനകൾക്ക് സ്വാഭാവികമായ രീതിയിൽ വളരുന്നതിനുള്ള സ്ഥലസൗകര്യം നിലവിലുള്ള സംരക്ഷണ കേന്ദ്രത്തിനുണ്ടോ ;

(ഡി) തീർത്ഥാടന നഗരമായ ഗുരുവായൂർ വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനാൽ ക്ഷേത്ര ആചാരങ്ങൾക്ക് കോട്ടംതട്ടാത്ത രീതിയിൽ ആനകളെ പ്രത്യേകമായി സ്വൈരവിഹാരം നടത്തുന്നതിനായി ഒരു എലിഫന്റ് പാർക്ക് കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഇ) എലിഫന്റ് പാർക്കിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(എഫ്) അനുയോജ്യമായ സ്ഥലം കണ്ടെത്തി ആനകളെ സ്വാഭാവികമായി വളരാൻ എലിഫന്റ് പാർക്ക് അനുവദിക്കുകയും എലിഫന്റ് പാർക്കിന് പ്രവേശന ഫീസ് ഏർപ്പെടുത്തിയാൽ വരുമാനം ലഭിക്കുകയും ചെയ്യുമെന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വത്തിൽ ഇപ്പോൾ 46 ആനകൾ ഉണ്ടെന്ന് ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വംവക ആനകളെ ഗുരുവായൂരിൽ നിന്നും 3 കിലോമീറ്റർ അകലെയുള്ള ദേവസ്വത്തിന്റെ തന്നെ പുന്നത്തൂർകോട്ട ആനത്താവളത്തിലാണ് സംരക്ഷിച്ചുവരുന്നത്.

(സി) നാട്ടിൽ ആനകളെ സംരക്ഷിച്ചുവരുന്ന സ്വാഭാവികരീതിയിൽ ആനകളെ വളർത്തുന്നതിനുള്ള സൗകര്യം നിലവിലുള്ള സംരക്ഷണകേന്ദ്രത്തിനും ഉണ്ടെന്നും കൂടുതൽ സൗകര്യങ്ങൾക്കായി 9 ഏക്കർ ഭൂമി ഇതിനോട് ചേർത്ത് അക്വയർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ഡി) ദേവസ്വംവക ആനകളായതുകൊണ്ട് ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഗുരുവായൂർ ദേവസ്വം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരം ഒരു പഠനം നടത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

**പെരിയാർ ടൈഗർ റിസർവ്വിൽ മലിനജലം കുടിച്ച് ആനകൾ മരണമടയുന്ന സംഭവം**

**79 (2792)** ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ.കെ. മണി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ ടൈഗർ റിസർവ്വിൽ മലിനജലം കുടിച്ച് ആനകൾ മരണമടയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ആനകൾ ഇങ്ങനെ മരണമടഞ്ഞിട്ടുണ്ട് ;

(സി) പെരിയാർ ടൈഗർ റിസർവ്വിലെ വെള്ളത്തിൽ എന്തുതരം വിഷാംശമാണ് കലർന്നതെന്ന് പരിശോധിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പിടിയാന ചരിഞ്ഞിട്ടുണ്ട്.

(സി) ശബരിമല സീസണിൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡാണ് നോർത്ത് ശബരിമലയിൽ വെള്ളത്തിന്റെ ക്വാളിറ്റി പരിശോധന നടത്തുന്നത്. ഇതിനെക്കുറിച്ച് അവരുടെ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**കെ.എസ്.ആർ.ടി.സി. പ്രവർത്തനം ലാഭകരമാക്കാൻ നടപടി**

**80 (2793)** ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടമെത്രയായിരുന്നു ;

(സി) കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly